**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 999** **27-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മഹാമാരി തളർത്തിയ കാർഷിക മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മഹാമാരി കാരണം കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടവും കർഷകരുടെ ദുരിതാവസ്ഥയും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | 2020 മാർച്ച് മാസം തൊട്ട് 2021 ജൂലൈ മാസം വരെ വിളകൾക്കും സ്ഥാപനങ്ങൾക്കും സംഭവിച്ച നഷ്ടങ്ങൾ ഉൾപ്പെടെ കാർഷിക മേഖലയിൽ ഏകദേശം 1731.78 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി വിലയിരുത്തിയിട്ടുണ്ട്. ടി കാലയളവിൽ കർഷക തൊഴിലാളികൾക്ക് 200.30 കോടി രൂപയുടെ വേതന നഷ്ടവും കണക്കാക്കിയിട്ടുണ്ട്. |
| (ബി) | കടുത്ത ഗതാഗത നിയന്ത്രണവും രോഗബാധ തുടരുന്നതും മൂലം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ വരുന്നതുകൊണ്ട് കർഷകർക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ലോക്ക്ഡൗൺ മൂലം രണ്ടാം വിള നെൽകൃഷിയിൽ കൊയ്ത്തിൽ വന്ന താമസവും ഗതാഗത സൗകര്യങ്ങളുടെ കുറവും മൂലം ഏകദേശം 15 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. പച്ചക്കറി മേഖലയിൽ 2020 ഏപ്രിൽ മുതൽ 2021 ജൂലൈ വരെ 221.93 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിലയിടിവ് കാരണം വാഴ കൃഷിയിലും കൈതച്ചക്ക കൃഷിയിലും ഏകദേശം 269 കോടി രൂപയുടെയും 50 കോടി രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. കശുവണ്ടി കൃഷിയിലും കിഴങ്ങു വർഗ്ഗങ്ങളുടെ കാര്യത്തിലും നഷ്ടങ്ങൾ ഏകദേശം 10 കോടി രൂപയും 30 കോടി രൂപയുമാണെന്നും കണക്കാക്കിയിട്ടുണ്ട്. |
| (സി) | ഇവർക്ക് സംരക്ഷണവും സഹായവും നൽകാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ? | (സി) | സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും വി.എഫ്.പി.സി.കെ യുടെയും ഹോർട്ടികോർപ്പിന്റെയും സമയബന്ധിതമായ ഇടപെടലുകൾ കാരണം കർഷകർക്ക് സംഭവിച്ച നഷ്ടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ ഹോർട്ടികോർപ്പ് എന്നിവയിലൂടെ ഓൺലൈൻ മുഖാന്തിരം മാമ്പഴം, കൈതച്ചക്ക, പപ്പായ, വാഴപ്പഴം, പച്ചക്കറി എന്നിവയുടെ നേരിട്ടുള്ള വില്പന നടത്തുവാൻ സാധിച്ചു. മിച്ചം വന്ന ഉല്പന്നങ്ങളുടെ അന്തർ ജില്ലാ വില്പനയും നടത്തുവാൻ സാധിച്ചു. കൃഷി വകുപ്പ് മുഖാന്തിരം പാലക്കാട്, കുട്ടനാട്, കോൾ |

| | | | |
|---|---|---|---|
| | | | മേഖലകളിൽ 600 നെല്ല് മെതി യന്ത്രങ്ങൾ നൽകി. ആയതിലൂടെ നെൽകൃഷിയിൽ വിളവെടുപ്പിൽ കാലതാമസം വന്ന ബുദ്ധിമുട്ടുകൾ മറികടക്കുവാൻ സാധിച്ചു. 2020 മാർച്ച് 23 മുതൽ ഏപ്രിൽ 15 വരെയുള്ള കാലയളവിൽ ഹോർട്ടികോർപ് 1,200 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്തിനകത്തുള്ള കർഷകരിൽ നിന്നും പുറമേനിന്നും സംഭരിച്ചു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ സ്വകാര്യ ഓൺലൈൻ ഭക്ഷ്യ വിതരണ പോർട്ടലുകളിലൂടെ ഉപയോക്താക്കൾക്ക് പഴങ്ങളും പച്ചക്കറികളും ഓൺലൈൻ വിപണനം നടത്തി. സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ കമ്മ്യൂണിറ്റി അടുക്കളകൾ, റസിഡന്റ്സ് അസോസിയേഷൻ, ഗസ്റ്റ് വർക്കർ ക്യാമ്പുകൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് പഴങ്ങളും പച്ചക്കറികളും വിതരണം ചെയ്തു. ഹോർട്ടികോർപിന്റെ 100 സ്വന്തം വില്പനശാലകളിലൂടെയും 200 ഫ്രാഞ്ചൈസി-കളിലൂടെയും പഴങ്ങളും പച്ചക്കറികളും ഉപഭോക്താക്കളിലേക്ക് എത്തിച്ചു. ഭക്ഷ്യ സുരക്ഷയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ട് 'സുഭിക്ഷ കേരളം' പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ കാലത്ത് പച്ചക്കറികളുടെ കുറവ് പരിഹരിക്കുന്നതിന് 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വീടുകളിൽ സംസ്ഥാനത്തുടനീളം വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ